


ഖുർആൻ ആശയ വിവരണം

**കെ പി സകരിയ്യ**


# സദസ്സുകളിലെ വിശാലത

**(അധ്യായം 58 • മുജാദില)**

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِذَا قِيلَ لَكُمۡ تَفَسَّحُواْ
فِي ٱلۡمَجَٰلِسِ فَٱفۡسَحُواْ يَفۡسَحِ ٱللَّهُ لَكُمۡۖ وَإِذَا
قِيلَ ٱنشُزُواْ فَٱنشُزُواْ يَرۡفَعِ ٱللَّهُ ٱلَّذِينَ ءَامَنُواْ
مِنكُمۡ وَٱلَّذِينَ أُوتُواْ ٱلۡعِلۡمَ دَرَجَٰتٖۚ وَٱللَّهُ بِمَا
تَعۡمَلُونَ خَبِيرٞ ١١

11. സത്യവിശ്വാസികളേ, സദസ്സുകളിൽ വിശാലത ചെയ്യൂ എന്ന് നിങ്ങളോട് പറഞ്ഞാൽ നിങ്ങൾ സൗകര്യമുണ്ടാക്കുക. എങ്കിൽ അല്ലാഹു നിങ്ങൾക്കും സൗകര്യം ചെയ്തുതരും. സഭയിൽ നിന്ന് പിരിഞ്ഞുപോകണമെന്ന് നിർദേശമുണ്ടായാൽ നിങ്ങൾ എഴുന്നേറ്റ് പോകണം. നിങ്ങളുടെ കൂട്ടത്തിലെ വിശ്വാസികൾക്കും ജ്ഞാനികൾക്കും അല്ലാഹു ഏറെ പദവികൾ ഉയർത്തിക്കൊടുക്കും. അല്ലാഹു നിങ്ങൾ അനുവർത്തിക്കുന്നവയെക്കുറിച്ച് സൂക്ഷ്മമായി അറിയുന്നവനാണ് (മുജാദില 11)

## പദവിശകലനം

**يا أيها الذين آمنوا** സത്യവിശ്വാസികളേ, **إذا قيل لكم** നിങ്ങളോട് പറയപ്പെട്ടാൽ, **تفسحوا** നിങ്ങൾ വിശാലത ചെയ്യൂ, **في المجالس** സദസ്സുകളിൽ, **فافسحوا** നിങ്ങൾ വിശാലത ഉണ്ടാക്കുക, **يفسح الله** അല്ലാഹു നിങ്ങൾക്ക് വിശാലത നൽകും, **لكم** നിങ്ങൾക്ക്, **وإذا قيل** പറയപ്പെട്ടാൽ, **انشزوا** നിങ്ങൾ എഴുന്നേറ്റു പോവുക, **فانشزوا** അപ്പോൾ നിങ്ങൾ എഴുന്നേറ്റു പോകണം, **يرفع الله** അല്ലാഹു ഉയർത്തിത്തരും, **الذين آمنوا** വിശ്വാസിച്ചവരെ, **منكم** നിങ്ങളിൽ നിന്ന്, **والذين أوتوا** നൽകപ്പെട്ടവരെയും, **العلم** വിജ്ഞാനം, **درجات** ഏറെ പദവികൾ, **والله** അല്ലാഹു, **بما تعملون** നിങ്ങൾ അനുവർത്തിക്കുന്നവയെക്കുറിച്ച്, **خبير** സൂക്ഷ്മമായി അറിയുന്നവനാണ്.

## ആശയം

സദസ്സുകളിലെ മാന്യമായ ഇടപെടൽ സംസ്കാരസമ്പന്നമായ ഒരു സമൂഹത്തിന്റെ ലക്ഷണമാണ്. ഒരു ഗുരുവിന്റെ കീഴിൽ ഒരു വിജ്ഞാന സദസ്സിലാണെങ്കിൽ അവിടുത്തെ ക്ലാസ് മര്യാദകൾ ശരിക്കും പാലിക്കണം. ഒരു നേതാവിന്റ കീഴിൽ ഒരു കൂടിയാലോചന സദസ്സിലാണെങ്കിൽ അവിടേക്ക് അനുയോജ്യമായ നിലപാടുകൾ കൈക്കൊള്ളണം. എല്ലാവരും തുല്യരാണ്. ആർക്ക് എവിടെ വേണമെങ്കിലും ഇരിക്കാം.

എന്നാൽ സദസ്സ് നിയന്ത്രിക്കുന്ന ആളുകൾ മുമ്പിലുണ്ടെങ്കിൽ മാത്രമേ ആ സദസ്സ് നിയന്ത്രിതമായിത്തീരുകയും അതുകൊണ്ട് കിട്ടേണ്ട പ്രയോജനം ലഭിക്കുകയും ചെയ്യുകയുള്ളൂ. ഇത് തുല്യപരിഗണനയ്ക്ക് വിരുദ്ധമല്ല. പ്രയോജനം പരിഗണിച്ചുള്ള ക്രമീകരണം മാത്രമാണ്. ഇത് എല്ലാ സമൂഹങ്ങളും അംഗീകരിച്ചിട്ടുള്ള കാര്യമാണ്. നബി(സ)യുടെ സമൂഹത്തിൽ നബിയായിരുന്നു കാര്യദർശി. കൂടിയാലോചനക്കാരിൽ പ്രമുഖർ അബൂബക്കർ സിദ്ദീഖും(റ), ഉമറിബ്നുൽ ഖത്താബും(റ). അവർ രണ്ടുപേരും വലതും ഇടതുമായി ഇരുന്നിരുന്നു. നബി(സ)യുടെ മുമ്പിൽ അദ്ദേഹം പറയുന്ന കാര്യങ്ങൾ രേഖപ്പെടുത്തുന്ന ഉസ്മാനും(റ), അലി(റ)യും ഇരുന്നിരുന്നു. ഇത് സൗകര്യാർഥമുള്ള ക്രമീകരണം മാത്രം.

സദസ്സിൽ ഒരാൾ ഇരുന്ന സ്ഥലത്തു നിന്ന് ബലമായി എഴുന്നേൽപിച്ചു അവിടെ ഇരിക്കാവതല്ല. ഒരാൾ താല്ക്കാലികമായ ആവശ്യങ്ങൾക്കുവേണ്ടി എഴുന്നേറ്റു പോയാൽ ആ സീറ്റ് മറ്റൊരാൾ ബലമായി കൈവശപ്പെടുത്താൻ പാടില്ല. താൻ വരുമ്പോൾ മറ്റുള്ളവരെല്ലാം എഴുന്നേറ്റുനിന്ന് തന്നെ ബഹുമാനിക്കണമെന്ന് ഒരാളും കരുതാൻ പാടില്ല. എന്നാൽ സദസ്സ് സ്വയം എഴുന്നേൽക്കുകയാണെങ്കിൽ അത് കുറ്റകരമല്ല. അനാവശ്യമായി സദസ്സിനെ ഭേദിച്ചും ശല്യപ്പെടുത്തിയും ഒരാളും മുമ്പോട്ട് ഗമിക്കേണ്ടതില്ല. ഇരിപ്പിടങ്ങളിൽ വിശാലത കാണി

ക്കണം. പ്രയാസമനുഭവിക്കുന്നവർക്ക് സൗകര്യം ചെയ്തുകൊടുക്കണം. സദസ്സിൽ നിന്ന് എഴുന്നേറ്റുപോകുമ്പോൾ സദസ്സ് നിയന്ത്രിക്കുന്നയാളുടെ അനുവാദം വാങ്ങണം. സദസ്സിൽ തോന്നിയതു പോലെ സംസാരിക്കുന്നതും ബഹളം വെക്കുന്നതും ഇറങ്ങിനടക്കുന്നതും ഉചിതമല്ല. സദസ്സിൽ ആദ്യം വരുന്നവർ മുൻനിരകളിലെ സീറ്റുകൾ ഉപയോഗപ്പെടുത്തണം. രണ്ടുപേർ ചേർന്ന് ഇരിക്കുമ്പോൾ അവരുടെ സമ്മതമില്ലാതെ അവരുടെ ഇടയിൽ കയറിയിരിക്കരുത്. സദസ്സ് പിരിഞ്ഞുപോകുമ്പോൾ പ്രാർഥനയോടുകൂടി പിരിയണം. ഇവയെല്ലാം ഇസ്‌ലാം മുമ്പോട്ടുവെക്കുന്ന നിർദേശങ്ങളാണ്. ഈ നിർദേശങ്ങളുടെ ഒരു സംക്ഷിപ്തമാണ് ഈ വാക്യത്തിൽ വിവരിച്ചത്.

## ഇരിപ്പിടത്തിലെ പരിഗണന

ഓരോരുത്തർക്കും അവരുടെ ഉത്തരവാദിത്തത്തിന്നനുസരിച്ച് അംഗികാരം നൽകേണ്ടതാണ്. أنزلوا الناس منزلهم (ഓരോരുത്തർക്കും അവരുടെ സ്ഥാനത്തിനനുസരിച്ച പരിഗണന നൽകുക) (അബൂദാവൂദ് 4204)

സദസ്സിൽ രണ്ടുപേർ ചേർന്നിരിക്കുകയാണെങ്കിൽ അവരുടെ ഇടയിൽ കയറിയിരിക്കാൻ അവരുടെ അനുവാദം വാങ്ങണം. لا يجلس بين رجلين إلا بإذنهما (രണ്ടുപേർക്കിടയിൽ കയറിയിരിക്കുന്നവർ അവരുടെ അനുമതി വാങ്ങണം) (അബൂദാവൂദ് 4206)

ഒരാൾ തന്റെ സീറ്റിൽ നിന്ന് താൽക്കാലിക ആവശ്യങ്ങൾക്ക് എഴുന്നേറ്റുപോയി തിരിച്ചുവരുമ്പോൾ ആ സീറ്റിന്റെ അവകാശം അയാൾക്ക് അംഗീകരിച്ചുകൊടുക്കണം. إذا قام الرجل من مجلس ثم رجع إليه فهو أحق به (ഒരു മനുഷ്യൻ സദസ്സിലെ തന്റെ ഇരിപ്പിടത്തിൽനിന്ന് എഴുന്നേറ്റു പോയി അവിടേക്ക് തന്നെ തിരിച്ചുവരികയാണെങ്കിൽ ആ സീറ്റ് അയാൾക്ക് അവകാശപ്പെട്ടതുതന്നെയാണ്). (അബൂദാവൂദ് 4214)

## ഇരിപ്പിടത്തിൽ നിന്ന് എഴുന്നേൽപിക്കൽ

ഒരാൾ ഇരിക്കുന്ന സീറ്റിൽ നിന്ന് അയാളെ എഴുന്നേൽപിച്ച് അവിടെ ഇരിക്കാൻ പാടില്ല.

قال رسول الله (ص) لا يقوم الرجل للرجل من مجلسه ولكن أفسحوا يفسح الله لكم

നബി(സ) പറഞ്ഞു: ഒരാളും മറ്റൊരാളെ തന്റെ ഇരിപ്പിടത്തിൽ നിന്ന് എഴുന്നേൽപിച്ച് അവിടെ ഇരിക്കരുത്. എന്നാൽ ഇരിപ്പിടത്തിൽ വിശാലത കാണിക്കൂ. അല്ലാഹു നിങ്ങളോടും വിശാലത കാണിക്കും. (അഹ്മദ് 10057)

## സഹോദരനെ പരിഗണിക്കൽ

എല്ലാ കാര്യത്തിലും സഹോദരന്റെ ഗുണം കാംക്ഷിക്കുന്നവന് അല്ലാഹുവിന്റെ സഹായം ഉണ്ടാകും.

عن أبي هريرة عن النبي(ص) قال: من نفّس عن مسلم كربة من كُرب الدنيا نفّس الله عنه كربه من كرب يوم القيامة، ومن يسر على معسر يسر الله عليه في الدنيا والآخرة ومن ستر على مسلم ستر الله عليه في الدنيا والآخرة، والله في عون العبد ما كان العبد في عون أخيه

ഇഹലോകത്തിലെ ഒരു മുസ്‌ലിമിന്റെ സങ്കടം ഒരാൾ നിവർത്തിച്ചാൽ അയാൾക്ക് പരലോകത്തെ സങ്കടം അല്ലാഹു നീക്കിക്കൊടുക്കും. പ്രയാസമനുഭവിക്കുന്ന ഒരുത്തന്റെ പ്രയാസം ഒരാൾ ദൂരീകരിച്ചാൽ അയാൾക്ക് ഇരുലോകത്തും അല്ലാഹു ലഘൂകരണം നൽകും. ഒരു മുസ്‌ലിമിന്റെ പോരായ്മ ഒരാൾ മറച്ചുപിടിച്ചാൽ അല്ലാഹു ഇരുലോകത്തും അവനെ സംരക്ഷിക്കും. ഒരാൾ തന്റെ സഹോദരനെ സഹായിക്കുമ്പോഴെല്ലാം അവൻ അല്ലാഹുവിന്റെ സഹായത്തിലായിരിക്കും. (അബൂദാവൂദ് 4297)

## ബഹുമാനിക്കാം, പക്ഷേ അതാഗ്രഹിക്കരുത്

ഒരാൾ കടന്നുവരുമ്പോൾ എഴുന്നേറ്റ് ബഹുമാനിക്കുന്നതിന് വിരോധമില്ല. എന്നാൽ തന്നെ ബഹുമാനിക്കാൻ എല്ലാവരും എഴുന്നേൽക്കണമെന്ന് ആഗ്രഹിക്കാൻ പാടില്ല. നബി(സ) പറഞ്ഞു: قوموا إلى سيدكم (നിങ്ങൾ നിങ്ങളുടെ നേതാവിനെ എഴുന്നേറ്റുനിന്ന് ആദരിക്കുവീൻ) (ബുഖാരി 5818). മറ്റൊരു നിവേദനം ഇപ്രകാരമാണ്: من أحب أن يتمثل له الرجال قياما، فليتبوأ مقعده من النار (മനുഷ്യന്മാർ എഴുന്നേറ്റുനിന്ന് തന്നെ ആദരിക്കണമെന്ന് ആഗ്രഹിക്കുന്നവൻ നരകത്തിൽ സീറ്റ് ഉറപ്പിച്ചുകൊള്ളട്ടെ.) (സഹീഹുൽ ജാമിഅ് 5957)

## അനുവാദം വാങ്ങണം

സദസ്സിൽ നിന്ന് ഇടയ്ക്ക് പിരിഞ്ഞുപോകുമ്പോൾ എന്തെങ്കിലും തന്ത്രം കാണിച്ച് ഊരിപ്പോകുന്നവരുടെ നിലപാട് ആശാസ്യമല്ലെന്ന് ഖുർആൻ ചൂണ്ടിക്കാട്ടുന്നു.

قَدْ يَعْلَمُ ٱللَّهُ ٱلَّذِينَ يَتَسَلَّلُونَ مِنكُمْ لِوَاذًا

മറ്റുള്ളവരുടെ മറപിടിച്ചുകൊണ്ട് നിങ്ങളുടെ കൂട്ടത്തിൽ നിന്ന് ചോർന്നുപോകുന്നവരെ അല്ലാഹു അറിയുന്നുണ്ട്. (നൂർ 63)

## സദസ്സ് പിരിയുമ്പോൾ

സദസ്സ് പിരിയുമ്പോൾ പ്രാർഥന നടത്തണമെന്ന് നിർദേശിക്കുന്നു.

عن أبي برزة الأسلمي قال: كان رسول الله(ص) يقول بأخر إذا أراد أن يقوم من المجلس سبحانك اللهم وبحمدك أشهد أن لاإله إلا أنت أستغفرك وأتوب إليك

അബൂബർസഅ്(റ) നിവേദനം: നബി(സ) സദസ്സ് പിരിയുമ്പോൾ ഇങ്ങനെ പറയാറുണ്ടായിരുന്നു. അല്ലാഹുവേ, നിന്നെ സ്തുതിക്കുന്നതോടൊപ്പം പ്രകീർത്തനം ചെയ്യുന്നു. നീയല്ലാതെ ഇലാഹില്ലെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. ഞാൻ നിന്നോട് പാപമോചനം തേടുന്നു. നിന്നിലേക്ക് ഖേദിച്ചുമടങ്ങുന്നു (അബൂദാവൂദ് 4219) ●